# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6316. 03/04/2018-ൽ മറുപടിയ്ക്ക്

## ആദിവാസി ക്ഷേമപദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസികളുടെ ക്ഷേമത്തിനായി കോടിക്കണക്കിന് രൂപയുടെ വിവിധ പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും അവയുടെ നടത്തിപ്പിനെയും ഫണ്ട് വിനിയോഗത്തെയും സംബന്ധിച്ച് അവലോകനം ചെയ്യുന്നതിന് സർക്കാർ തലത്തിൽ എന്തു സംവിധാനമുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ ക്കായി വകയിരുത്തുന്ന തുക യഥാർത്ഥ ലക്ഷ്യം നേടുന്നതിനായി തന്നെ ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പ്രതിമാസം പദ്ധതി അവലോകനം നടത്തുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലംഎം.എൽ.എ.മാർ ഉൾപ്പെടുന്ന ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റി നിലവിലുണ്ട്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഉപദേശ സമിതികളും ചേർന്ന് പദ്ധതി അവലോകനം നടത്തുന്നുണ്ട്. ഇതിനുപുറമേ സംസ്ഥാനതലത്തിൽ ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ ആഴ്ചയിലും പദ്ധതി വിലയിരുത്തി വരുന്നു. |
| (ബി) | ആദിവാസി ക്ഷേമത്തിനായി ഈ സർക്കാർ പ്രഖ്യാപിച്ച വിവിധ പദ്ധതികളും അവയുടെ നിലവിലെ അവസ്ഥയും വിശദമാക്കുമോ? | (ബി) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>**1. സാമൂഹിക പഠനമുറി**<br>പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |

ഒന്നാംഘട്ടത്തിൽ 100 സാമൂഹ്യ പഠന മുറികളാണ് നിർമ്മിക്കുന്നത്. 57 പഠന മുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് മറ്റുള്ളവ പൂർത്തീകരണ ഘട്ടത്തിലാണ് ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയ്ക്കുള്ള ഭരണാനുമതി നല്കിയിട്ടുണ്ട് സാമൂഹ്യപഠന മുറി പ്രവർത്തനക്ഷമമാക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള 100 ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്

**2. ഗോത്രബന്ധു**

തെരഞ്ഞെടുത്ത 241 പേരെ വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിവിധ സ്കൂളുകളിൽ നിയമനം നടത്തി.

**3. അംബേദ്ക്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം**

**എ) അടിസ്ഥാനസൗകര്യങ്ങൾ**

ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് നിർവഹണ ഏജൻസികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട് കൂടാതെ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

**ബി) എം.ജി.എൻ.ആർ.ഇ.ജി.എസ്- തൊഴിലിനുള്ള വേതനം.**

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു

| | | | |
|---|---|---|---|
| | | | **സി) പി.കെ.കാളൻ കുടുംബസഹായ പദ്ധതി.**<br><br>പി.കെ.കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിചിതറി താമസിക്കുന്നപട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാടൻ സമുദായങ്ങൾക്കിടയിൽ നടത്തിയ സർവ്വേയുടെ ഫലമായി രൂപീകരിച്ച 5.06 കോടി രൂപയുടെ മൈക്രോപ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>**4. ഗോത്രവാത്സല്യനിധി**<br><br>പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടി കളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തു ന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്ത് 2.00 കോടി രൂപ എൽ.ഐ.സി. ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ പട്ടികവർഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകൾക്ക് സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>പട്ടികവർഗ യുവതീ യുവാക്കൾക്ക് ഐറ്റി മേഖലയിൽ പരിശീലനം നൽകി സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്.<br>ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക പോഷകാഹാരക്കുറവ്, ശിശുമരണ മാതൃ മരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചു വരുന്നു.<br>KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്സ്/ ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ